8243
16/8/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് - മഹിളാസമാജം കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥ - സർവ്വെ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.489/2014/സാനീവ തിരുവനന്തപുരം, തീയതി, 06.08.2014.

പരാമർശം: 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.06.2014 ലെ എഫ്2 - 25118/14 നമ്പർ കത്ത്.

2. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം

**ഉത്തരവ്**

കേരള സാമൂഹ്യക്ഷേമ ബോർഡിന്റെ സ്ഥലവും കെട്ടിടങ്ങളും അതതു സ്ഥലത്തെ മഹിളാ സമാജങ്ങളുടെ പേരിലാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും പ്രസ്തുത കെട്ടിടങ്ങൾ പലതും ജീർണ്ണാവസ്ഥയിലാണെന്നും ഇത്തരം കേന്ദ്രങ്ങൾ സ്ത്രീകൾ, കുട്ടികൾ, വികലാംഗർ എന്നിവർക്കായുള്ള വിവിധ പദ്ധതികൾക്ക് ഉപയുക്തമാക്കാൻ കഴിയുമെന്നും ആയതിലേയ്ക്കായി, മഹിളാ മണ്ഡൽ കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും സംരക്ഷണത്തിനായി ഒരു 'എസ്റ്റേറ്റ് ഓഫീസറെ' കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന പ്രോപ്പോസൽ പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ആയത് പരിശോധിക്കുകയും മഹിളാ മണ്ഡൽ കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും സർവ്വേ നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തു.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിലുള്ള മഹിളാ മണ്ഡൽ കെട്ടിടങ്ങളും സ്ഥലങ്ങളും സംബന്ധിച്ച് വിശദമായ സർവ്വേ നടത്തുന്നതിന് ഭരണാനുമതി നൽകിയും ഇതിന്റെ ഭാഗമായി ഒരു എസ്റ്റേറ്റ് ഓഫീസറെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനും ഇതു സംബന്ധിച്ച ചെലവുകൾക്കായി 3 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, ശാസ്തമംഗലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ/സി2) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ